## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2846 — 13.07.2015-ൽ മറുപടിയ്ക്ക്

### സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും അനിശ്ചിതകാല പണിമുടക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) സർക്കാർ ജീവനക്കാരും അധ്യാപകരും അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പണിമുടക്കിന് കാരണമായി ഉന്നയിക്കുന്ന ഡിമാന്റുകൾ എന്തെല്ലാമാണ്; | (ബി) അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത ആവശ്യങ്ങളിൽ ഓരോന്നിലുമുള്ള നിലപാട് പ്രത്യേകം വിശദമാക്കാമോ? | (സി) സർക്കാർ തലത്തിൽ നിലപാടുകളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം
23/06/2015

ബഹു: കേരള മുഖ്യമന്ത്രി
തിരുവനന്തപുരം

സർ,

കേരളത്തിലെ സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും 2015 ജൂലൈ 23 മുതൽ അനിശ്ചിതകാലത്തേക്ക് പണിമുടക്ക് നടത്തുന്നതിന് തീരുമാനിച്ച വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അഞ്ചു വർഷതത്വം ഉറപ്പാക്കി ശമ്പളപരിഷ്കരണം ഉടൻ നടപ്പിലാക്കുക, 30% ശമ്പളവർദ്ധനവ് അനുവദിക്കുക, പങ്കാളിത്ത പെൻഷൻപദ്ധതി ഉപേക്ഷിക്കുക, തസ്തികകൾ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം പിൻവലിക്കുക; തസ്തികകൾക്ക് തുടർച്ചാനുമതി നൽകുക, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കാലോചിതമായി പുനഃക്രമീകരിക്കുക, അദ്ധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുക, പെൻഷൻ പ്രായത്തിലെ വിവേചനം അവസാനിപ്പിക്കുക, സമഗ്ര ആരോഗ്യ ചികിത്സാപദ്ധതി നടപ്പിലാക്കുക എന്നീ ആവശ്യങ്ങളാണ് പണിമുടക്കിനാധാരമായി ഉന്നയിക്കുന്നത്.

അഞ്ചുവർഷത്തിലൊരിക്കൽ വേതനപരിഷ്കരണമെന്ന തത്വം സംസ്ഥാനത്ത് 1973 മുതൽ നിലവിലുള്ള അംഗീകൃത കീഴ്വഴക്കമാണ്. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ 2014 ജൂലൈ 1 മുതൽ സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും വേതനപരിഷ്കരണം നടപ്പിലാക്കേണ്ടതാണ്. എന്നാൽ നിയമസഭയിലടക്കം ചോദ്യമുന്നയിച്ചിട്ടും പ്രാബല്യ തീയതി പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകാത്തതിൽ ജീവനക്കാർക്ക് കടുത്ത ആശങ്കയുണ്ട്. അതിരൂക്ഷമായ വിലക്കയറ്റം, ജീവിതസാഹചര്യങ്ങളിൽ വന്ന മാറ്റം, ഇതര മേഖലകളിലുണ്ടായ വേതനവർദ്ധനവ്, അവശ്യാധിഷ്ഠിത മിനിമം വേതനം എന്നിവയെല്ലാം പരിഗണിച്ച് മുപ്പത് ശതമാനം വേതനവർദ്ധനവ് അനിവാര്യമാണ്.

പങ്കാളിത്ത പെൻഷൻപദ്ധതിക്കെതിരെ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ സമരത്തിന്റെ ഭാഗമായ ഒത്തുതീർപ്പ് വ്യവസ്ഥകൾ അംഗീകരിക്കാൻ സർക്കാർ ഇനിയും തയ്യാറായിട്ടില്ല.

30500 തസ്തികകൾ നിർത്തലാക്കാനുള്ള തീരുമാനം സിവിൽസർവ്വീസിന്റെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തും. നിരവധി വകുപ്പുകളിൽ ജീവനക്കാർ ജോലിഭാരം കൊണ്ട് വീർപ്പുമുട്ടുന്ന പശ്ചാത്തലത്തിലാണ് സർക്കാർ തസ്തികകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

പെൻഷൻ പ്രായത്തിൽ ഈ സർക്കാർ സൃഷ്ടിച്ച കടുത്ത വിവേചനം വലിയ അസംതൃപ്തിക്ക് കാരണമായി തീർന്നിരിക്കുന്നു. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണമെന്ന ആവശ്യത്തോടും സർക്കാർ അവഗണന കാട്ടുകയാണ്.

പൊതുവിദ്യാഭ്യാസം കടുത്ത പ്രതിസന്ധി നേരിടുന്നു. സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുന്ന സർക്കാർ പൊതുവിദ്യാഭ്യാസമേഖലയുടെ വിശ്വാസ്യത തകർക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിച്ചാൽ മാത്രമേ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ കഴിയൂ.

മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ ഉന്നയിച്ച് 2015 ജനുവരി 22 ന് പണിമുടക്കുൾപ്പെടെ നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിട്ടും അനുകൂലമായ യാതൊരു നിലപാടും സ്വീകരിക്കാൻ സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിലാണ് 2015 ജൂലൈ 23 മുതൽ അനിശ്ചിതകാലത്തേക്ക് പണിമുടക്ക് നടത്താൻ ജീവനക്കാരും അദ്ധ്യാപകരും തീരുമാനിച്ചിട്ടുള്ളത്. ആവശ്യങ്ങൾ അംഗീകരിച്ച് പണിമുടക്ക് ഒഴിവാക്കാനുള്ള ജനാധിപത്യമര്യാദ സർക്കാർ പ്രകടിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കത്ത് പണിമുടക്ക് നോട്ടീസായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എസ്. വിജയകുമാരൻ നായർ
ജനറൽ കൺവീനർ
അദ്ധ്യാപക - സർവീസ് സംഘടനാ സമരസമിതി

പി.എച്ച്.എം. ഇസ്മയിൽ
ജനറൽ കൺവീനർ
ആക്ഷൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ്

SECTION OFFICER